ഹയർസെക്കന്ററി
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം.

നംമ്പർ ഇ.എക്സ് II (1)/53388/എച്ച് എസ് ഇ/൦൯ തീയതി : 29/01/2010

## സർക്കുലർ

നമ്മുടെ ലക്ഷ്യം പൂവണിഞ്ഞിരിക്കുന്നു മറ്റൊരു സംവിധാനത്തിനും അവകാശപ്പെടാനാവാത്ത വിധം നമ്മുടെ പോർട്ടലിൽ ചോദ്യപേപ്പറുകൾ നിറഞ്ഞുകൊണ്ടിരിക്കുന്നു. ആദ്യസംരംഭം എന്ന നിലയിൽ പ്രോത്സാഹനജനകമായ പ്രതികരണമാണ് ഉണ്ടായിട്ടുള്ളത്. ഈ സംരംഭത്തിൽ പങ്കാളികളായ മുഴുവൻ പേരും അഭിനന്ദനാർഹരാണ്.

പല ചോദ്യപേപ്പറുകളുടെയും ഗുണനിലവാരം ഇനിയും ഉയരേണ്ടതുണ്ട്. മലയാളം തർജ്ജമ പലതിനും ഇനിയുമുണ്ടാവേണ്ടതുണ്ട്. എന്നിരുന്നാലും ഒരു തുടക്കമെന്നനിലയിൽ ഈ സംരംഭം ഒരു വിജയമാണ്. നമുക്ക് ഇനിയും മുന്നേറാനുണ്ട്. തുടർ വർഷങ്ങളിൽ നമുക്കതിന് സാധിക്കും.

അക്കാഡമികമായി വളരാനും മികച്ച അധ്യാപിക/അധ്യാപകനായി വരാനും സ്വയം സന്നദ്ധമാകാനുള്ള പരിശീലന പ്രവർത്തനമാണ് മൂല്യനിർണയ ഉപാധിയുടെ നിർമ്മാണം എന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് അധ്യാപകരോട് ചോദ്യനിർമ്മാണ പ്രക്രിയയിൽ പങ്കാളികളാകാൻ ആവശ്യപ്പെട്ടത്. ചോദ്യങ്ങൾ തയ്യാറാക്കി നല്കാനുള്ള അനുഭവമില്ലായ്മയും ആത്മവിശ്വാസം ഇല്ലായ്മയും മൂലമായിരിക്കാം പല അധ്യാപകരും ഈ ഉദ്യമത്തിൽ നിന്നും മാറിനിന്നത്. ചോദ്യപേപ്പർ നിർമ്മാണം ഒരധ്യാപകന്റെ കഴിവുകളെ വളർത്തുമെന്നതിൽ തർക്കമില്ല. തങ്ങളുടെ പരിമിതികൾ തിരിച്ചറിഞ്ഞ്, കൂടുതൽ പ്രയത്നങ്ങളിലൂടെ ഈ അധ്യാപകർക്കും ലക്ഷ്യം കൈവരിക്കാൻ സാധിക്കും. പോർട്ടലിൽ ഈ സൗകര്യം തുടർന്നും നിലനിർത്തുന്നതായിരിക്കും.

ഒന്നും രണ്ടും വർഷ ഹയർ സെക്കന്ററിയുടെ പൊതു പരീക്ഷകൾ മാർച്ച് 15 മുതലും രണ്ടാം വർഷത്തിന് പ്രായോഗിക പരീക്ഷകൾ ഫെബ്രുവരി 24 മുതലും ആരംഭിക്കുന്നു. വിദ്യാർത്ഥികളെ മൂല്യനിർണയം നടത്തുന്നതിനുള്ള ഉപാധിയായാണല്ലോ പരീക്ഷകൾ. മൂല്യനിർണയ പ്രക്രിയയുടെ ഭാഗമായ നിരന്തരമൂല്യനിർണയപ്രവർത്തനങ്ങൾ ഇതിനോടകം തന്നെ പൂർത്തീകരിച്ചിരിക്കുമല്ലോ. വിദ്യാർത്ഥികളുടെ കഴിവുകൾ തിരിച്ചറിയുവാനും പരിമിതികൾ കണ്ടെത്തി പരിഹരിക്കുന്നതിനുമുള്ള ഉപാധിയാണല്ലോ നിരന്തരമൂല്യനിർണയം. നിരന്തര മൂല്യനിർണയത്തിന്റെ തുടർ പ്രക്രിയയായാണ് പൊതു പരീക്ഷകളെ കാണേണ്ടത്. പൊതു പരീക്ഷകളുടെ മുന്നോടിയായി വിദ്യാർത്ഥികൾക്കുവേണ്ടി ഒരു മോഡൽ പരീക്ഷ നടത്തുന്നത് അഭികാമ്യമാണ്.

അതത് സ്കൂൾ പ്രിൻസിപ്പൽമാരാണ് മോഡൽ പരീക്ഷകൾ നടത്തേണ്ടത്. ചോദ്യപേപ്പറുകൾ അതതു വിഷയങ്ങളുടെ അധ്യാപകരുടെ സഹായത്തോടെ പ്രിൻസിപ്പൽമാർ തയ്യാറാക്കേണ്ടതാണ്. പൊതു പരീക്ഷയുടെ മോഡലിൽ തന്നെ വേണം ചോദ്യപേപ്പർ തയ്യാറാക്കാൻ. കേരളമൊട്ടുക്കുമുള്ള പ്രഗത്ഭരായ നമ്മുടെ അധ്യാപകർ തയ്യാറാക്കി പോർട്ടലിൽ നല്കിയിട്ടുള്ള ചോദ്യപേപ്പറുകളുടെ സഹായത്തോടെയാണ് മോഡൽ പരീക്ഷയ്ക്കുള്ള ചോദ്യപേപ്പർ തയ്യാറാക്കേണ്ടത്. പരീക്ഷാ ടൈംടേബിൾ പ്രിൻസിപ്പൽമാർ തന്നെ തയ്യാറാക്കേണ്ടതും പ്രായോഗിക പരീക്ഷ തുടങ്ങുന്ന ഫെബ്രുവരി 24 നകം മോഡൽ പരീക്ഷ അവസാനിക്കുന്ന രീതിയിൽ പരീക്ഷാടൈംടേബിൾ ക്രമീകരിക്കേണ്ടതുമാണ്. ഇത്തവണ പൊതു ടൈംടേബിൾ ഉണ്ടായിരിക്കില്ല. പ്രാദേശികമായ അവധികളും അസൗകര്യങ്ങളും പരിഗണിക്കുന്നതിന് ഇത്തരമൊരു സംവിധാനം ഉപകരിക്കും.

ഓരോ ചോദ്യപേപ്പറിലും സ്കൂളിന്റെ പേര്, പരീക്ഷയുടെ പേര്, വിഷയത്തിന്റെ പേര്, സമയം, പരീക്ഷാതീയതി, മൊത്തം മാർക്ക് എന്നിവ രേഖപ്പെടുത്തിയിരിക്കണം. മൂല്യനിർണയരേഖയിലേയും എഡ്യുമാറ്റിലേയും നിർദ്ദേശങ്ങൾക്കനുസരിച്ചായിരിക്കണം ചോദ്യപേപ്പർ തയ്യാറാക്കേണ്ടത്.

പരീക്ഷ കഴിഞ്ഞയുടൻ അധ്യാപകർ ഉത്തരക്കടലാസ്സുകൾ മൂല്യനിർണയം നടത്തേണ്ടതും കുട്ടികളുടെ പരിമിതികൾ അവരെ ബോധ്യപ്പെടുത്തേണ്ടതുമാണ്. ഇതിനുവേണ്ട നിർദ്ദേശങ്ങൾ അധ്യാപകർക്ക് പ്രിൻസിപ്പൽമാർ നല്കേണ്ടതാണ്. അക്കാദമിക നിലവാരം ഉയർത്താൻ വേണ്ട എല്ലാ പ്രവർത്തനങ്ങളേയും ശ്ലാഘിക്കുന്നതോടൊപ്പം വിദ്യാർത്ഥികൾക്ക് വിജയാശംസകളും വിദ്യാലയങ്ങൾക്ക് നല്ല വിജയ ശതമാനവും ആശംസിക്കുന്നു.

**ഒപ്പ്/-**
സെക്രട്ടറി,
ബോർഡ് ഓഫ് ഹയർ സെക്കന്ററി എക്സാമിനേഷൻസ്,
കേരള.